# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 509          28.02.2017-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്**

**നികുതിയിനത്തിൽ പിരിച്ചെടുത്ത തുക**

| | ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 2017 ജനുവരി 31 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ ; | (എ) | അക്കൌണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കനുസരിച്ച് 2016 ഡിസംബർ 31 വരെ സംസ്ഥാനത്തിന്റെ തനത് നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ തരം തിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടി രൂപയിൽ) |

| | | |
|---|---|---|
| 1. | കാർഷികാദായ നികുതി | 1.28 |
| 2. | ഭൂനികുതി | 88.95 |
| 3. | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 2125.10 |
| 4. | കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 92.45 |
| 5. | സംസ്ഥാന എക്സൈസ് | 1524.10 |
| 6. | വില്പന നികുതി | 23925.09 |
| 7. | വാഹന നികുതികൾ | 2253.54 |
| 8. | ചരക്കുകളുടെയും യാത്രക്കാരുടേയും മേലുള്ള നികുതികൾ | 0.008 |
| 9. | വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 48.01 |

| | | | |
|---|---|---|---|
| | | | 10. ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും — 156.12<br>ആകെ — 30214.65 |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി ഇനത്തിൽ 47613.61 കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്. |
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) | ഇല്ല. |
| (ഡി) | തമിഴ് നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുവാൻ ചെക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളക്കടത്തു സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർവ്വിലൻസ് ക്യാമറകൾ ഊടുവഴികളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

Jayanth

സെക്ഷൻ ഓഫീസർ.